പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3900 — 15.05.2017 ലെ മറുപടി

## പൂർത്തിയാക്കിയ പുതിയ കുടിവെള്ള - ജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.ടി.ബൽറാം** | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാരിന്റെ കാലത്ത് പുതിയ എത്ര കുടിവെള്ള-ജലവിതരണ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | എ) ഈ സർക്കാരിന്റെ കാലത്ത് കേരള ജല അതോറിറ്റി പൂർത്തിയാക്കിയ ജലവിതരണ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ സർക്കാർ വന്നതിനുശേഷം 247 കുടിവെള്ള പദ്ധതികൾ ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന പണി പൂർത്തീകരിക്കുകയും തുടർ നടത്തിപ്പിന് ഗുണഭോക്താക്കളെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. 23,921 കുടുംബങ്ങളിലെ 1.06 ലക്ഷം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. |
| ബി) പ്രസ്തുത പദ്ധതികൾ വഴി എത്ര ലിറ്റർ കുടിവെള്ളമാണ് ലഭ്യമാക്കുന്നതെന്നു വെളിപ്പെടുത്തുമോ; | ബി) കേരള ജല അതോറിറ്റി പദ്ധതികൾ വഴി പ്രതിദിനം ഏകദേശം 127.7 ദശലക്ഷം ലിറ്റർ കുടിവെള്ളമാണ് ലഭ്യമാക്കുന്നത്. ആളോഹരി പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ജലനിധി പദ്ധതി വിഭാവനം ചെയ്യുന്നത്. |
| സി) ഈ പദ്ധതികളുടെ ഫലപ്രദമായ നിർവഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഭരണതലത്തിൽ നിന്നും കൃത്യമായ നിർദ്ദേശങ്ങളും നടപടികളും ഉണ്ടായിട്ടുണ്ട്. കൂടാതെ പദ്ധതികൾ പൂർത്തീകരിച്ച ശേഷം ബന്ധപ്പെട്ട മെയിന്റനൻസ് ഡിവിഷനുകൾക്ക് കൈമാറി ജലവിതരണം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണ തലത്തിലും പ്രാദേശിക തലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് അവലോകനയോഗങ്ങൾ നടത്തുകയും, പദ്ധതി നടത്തിപ്പിൽ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനും, പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനും വേണ്ട നടപടികൾ ജലനിധി സ്വീകരിക്കാറുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ

അനുബന്ധം

1. പന്തളം ശുദ്ധജലവിതരണ പദ്ധതി (പൂർണ്ണമായി പ്രവർത്തന സജ്ജമാക്കി ജലവിതരണം നടത്തി വരുന്നു).
2. കവിയൂർ കന്നന്താനം ശുദ്ധജലവിതരണ പദ്ധതി രണ്ടാം ഘട്ടം
3. വെളിയന്നൂർ, ഉഴവൂർ ശുദ്ധജലവിതണ പദ്ധതി - വിതരണശൃംഖല സ്ഥാപിക്കും.
4. കടുത്തുരുത്തി ശുദ്ധജലവിതരണ പദ്ധതി- വെളിയന്നൂർ ഭാഗം വിതരണശൃംഖല സ്ഥാപിക്കൽ
5. കടുത്തുരുത്തി ശുദ്ധജലവിതരണ പദ്ധതി - ഞീഴൂർ ഭാഗം- വിതരണ ശൃംഖല സ്ഥാപിക്കൽ
6. കല്ലിയൂർ, വെങ്ങാനൂർ, കോവളം ടൂറിസ്റ്റ് ഏരിയയിലേക്കുള്ള പദ്ധതി (ഭാഗികം)
7. മാറാട് പഞ്ചായത്ത് 10, 11 വാർഡുകൾ ഉൾപ്പെടുന്ന മണിയൻകല്ല് ശുദ്ധജലവിതരണ പദ്ധതി
8. ആലപ്പുഴക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി
9. മാന്നാർ,കരിട്ടിശ്ശേരിക്കും സമീപ വില്ലേജുകൾക്കുമായുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
10. മണലൂർ കാരമുക്ക് ശുദ്ധജലവിതരണ പദ്ധതി
11. ഏറിയാട്, എടവിലങ്ങ് ശുദ്ധജലവിതരണ പദ്ധതി
12. ആനക്കര, പട്ടിത്തറ, കപ്പൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി-ഒന്നാം ഘട്ടം
13. നെല്ലായ-കുലുക്കല്ലൂർ സമഗ്ര കുടിവെള്ളപദ്ധതി
14. ഓമശ്ശേരി ഗ്രാമപഞ്ചായത്തിലെ പാലക്കുന്ന് കുടിവെള്ളപദ്ധതി
15. കൃഷ്ണഗിരി, പുറക്കാടി, അമ്പവയൽ വില്ലേജുകൾക്കായുള്ള കുടിവെള്ളപദ്ധതി
16. പുത്തൂർ കുടിവെള്ള പദ്ധതി
17. മുന്നാട് ബേഡഡുക്ക, കുറ്റിക്കോൽ വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

Renuka Sankar
സെക്ഷൻ ഓഫീസർ